## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1180** 11.06.2019-ൽ മറുപടിക്ക്

### വിമാനത്താവള അനുബന്ധ റോഡുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകൾ ഏതെല്ലാം; ആയതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; റോഡിന്റെ വീതി എത്രയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മാനന്തവാടിയിൽ നിന്നും കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; റോഡ് വീതി എത്രയാണ്; | (ബി) യും (സി) യും | വനപ്രദേശം ഒഴികെയുള്ള മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ്(63.50 കി.മി) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. പ്രസ്തുത റോഡിന് 24 മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചു വരുന്നു. |
| (സി) | ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; റോഡ് ഏരിയ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിൽ ഉൾപ്പെട്ട ആറ് റോഡുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. തലശ്ശേരി - കൊടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്(24.50 കി.മി).
2. കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ്- മട്ടന്നൂർ റോഡ്(53.15 കി.മി).
3. മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ്(63.50 കി.മി).
4. കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ്(32.00 കി.മി).
5. മേലെ ചൊവ്വ – ചാലോട് - വായന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ്(26.30 കി.മി).
6. തളിപ്പറമ്പ - ചെറക്കള – നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ്(27.20 കി.മി).

ഇവയിൽ 1 മുതൽ 5 വരെയുള്ള റോഡുകൾ നാലുവരിപ്പാതയായും 6ാമത്തെ റോഡ് രണ്ടുവരിപ്പാതയായും വികസിപ്പിക്കുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. 1 മുതൽ 3 വരെയുള്ള റോഡുകൾ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനായി ടെണ്ടർ വിളിച്ച് M/s iDeCK എന്ന സ്ഥാപനത്തെ കെ.ആർ.എഫ്.ബി മുഖാന്തിരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകൾ 24 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. രണ്ടുവരിയിൽ ദേശീയപാതയായി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള റോഡിന്റെ ഭാഗമാണ് ക്രമ നം.4, 5 എന്നിവയിൽ വരുന്ന റോഡുകൾ. ഇവ നാലുവരിപ്പാതയായി വികസിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. 6ാമത്തെ റോഡായ തളിപ്പറമ്പ - ചെറക്കള – നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ്(27.20 കി.മി) രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ